നമ്പർ.എച്ച്(2)/21500/2018/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 16.06.2018

<u>പരിപത്രം</u>

വിഷയം :- **പൊതുവിദ്യാഭ്യാസം - ജീവനം - തസ്തികനിർണയം 2018-19 - മാർഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നതു സംബന്ധിച്ച്.**

സൂചന :-
1) 29-01-2016 ലെ സ.ഉ (അച്ചടിച്ചത്) നമ്പർ 29/2016/പൊ.വി.വ.
2) 05-08-2016 ലെ സ.ഉ. (അച്ചടിച്ചത്) നമ്പർ 134/2016/പൊ.വി.വ.
3) 31-08-2016 ലെ സ.ഉ. (അച്ചടിച്ചത്) നമ്പർ 148/2016/പൊ.വി.വ.
4) 03-12-2016 ലെ ജി.ഒ. (പി) നമ്പർ 199/2016/പൊ.വി.വ.
5) 30-12-2016 ലെ സർക്കുലർ നമ്പർ 792455/ഇ.ഡബ്ല്യു.3/2016/ത.സ്വ.ഭ.വ.
6) 26-12-2016 ലെ സ.ഉ. (എം.എസ്) നമ്പർ 209/2016/പൊ.വി.വ.
7) 07-09-2017 ലെ സ.ഉ (കൈയെഴുത്ത്) നമ്പർ 111/2017/പൊ.വി.വ
8) 12-06-2018 ലെ സ.ഉ (എം.എസ്) നമ്പർ 83/2018/പൊ.വി.വ
9) ഈ കാര്യാലയത്തിൽ നിന്നുള്ള 20-06-2017 ലെ പരിപത്രം നമ്പർ എച്ച്2/34017/ 2017/ഡി.പി.ഐ

പൊതുവിദ്യാലയങ്ങളിലെ തസ്തികനിർണയക്കാലം വീണ്ടുമെത്തിയിരിക്കുകയാണ്. കഴിഞ്ഞ വർഷത്തെ തസ്തികനിർണയവും സംരക്ഷിതാധ്യാപകരുടെ പുനർവിന്യാസവും നിർദിഷ്ട സമയപരിധിക്കു മുൻപുതന്നെ പൂർത്തിയാക്കി ചരിത്രം സൃഷ്ടിച്ചവരാണ് നമ്മൾ. ഇത്ത വണയും നമുക്കതിനു സാധിക്കണം. **<u>സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 2018-19 വർഷത്തെ തസ്തിക നിർണയം 03.07.2018 നും തുടർന്നുള്ള അധ്യാപക ബാങ്ക് നവീകരണവും സംരക്ഷിതാധ്യാപകരുടെ പുനർവിന്യാസവും 13.07.2018 നും പൂർത്തിയാക്കാൻ എല്ലാ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും വിദ്യാഭ്യാസ ഉപഡയറക്ടർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.</u>** താഴെപറയുന്ന മാർഗനിർദേശങ്ങളും, തസ്തികകൾ അനുവദിക്കുന്നതു സംബന്ധിച്ച ചട്ടങ്ങളും പൊതു ഉത്തരവുകളും വ്യക്തതയോടെ ഉൾക്കൊണ്ടാകണം ഈ വർഷത്തെ തസ്തിക നിർണയ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതെന്ന് തുടക്കത്തിൽ തന്നെ അറിയിക്കട്ടെ.

1) 2018-19 വർഷത്തെ ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണത്തെ ആധാരമാക്കിയാണ് ഈ വർഷം തസ്തികകൾ അനുവദിക്കേണ്ടത്. *ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണം* എന്നതുകൊണ്ട് അർഥമാക്കുന്നത് 2018-19 ലെ *ആറാം സാധ്യായ ദിനത്തിൽ റോളിലുള്ള കുട്ടികളുടെ യു.ഐ.ഡി/ഇ.ഐ.ഡി സ്ട്രെങ്ക്ത്* എന്നതാണ്. യു.ഐ.ഡി/ഇ.ഐ.ഡി. നമ്പർ പിന്നീട് ലഭിച്ചതാണെങ്കിൽപോലും ആറാം സാധ്യായ ദിനത്തിൽ കുട്ടി റോളിലുണ്ടായിരുന്നാൽ തസ്തികനിർണയത്തിനു കണക്കിലെടുക്കാം. ഭിന്നശേഷിയുള്ള കുട്ടികളും ഈ വർഷത്തെ പുതിയ അഡ്മിഷനും ഉൾപ്പെടെ വളരെക്കുറച്ചു കുട്ടികൾക്കാണ് സംസ്ഥാനത്ത് ഇനിയും യു.ഐ.ഡി/ഇ.ഐ.ഡി നമ്പർ ലഭിക്കാനുള്ളത്. ഇത്തരം കുട്ടികളുടെ നിജസ്ഥിതി സംബന്ധിച്ച് ക്ലാസ്ടീച്ചർ ഒപ്പിട്ട്, പ്രഥമാധ്യാപകൻ മേലൊപ്പ് പതിച്ച വ്യക്തമായ ഡിക്ലറേഷൻ ഉണ്ടെങ്കിൽ (കുട്ടിയുടെ പേര്, അഡ്മിഷൻ നമ്പർ, ക്ലാസ്, ഡിവിഷൻ, ജനനത്തീയതി, രക്ഷിതാവിന്റെ പേര്, മേൽവിലാസം തുടങ്ങിയ വിവരങ്ങൾ ഡിക്ലറേഷനിൽ ഉണ്ടായിരിക്കണം) അവരെയും തസ്തികനിർണയത്തിനു കണക്കിലെടുക്കാം. (ക്ലാസ്തല ലിസ്റ്റുകൾ പ്രഥമാധ്യാപകൻ ക്രോഡീകരിച്ചും നൽകിയിരിക്കണം).

മുസ്ലീം കലണ്ടർ പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകളിൽ ആറാം പ്രവൃത്തിദിനം ഈദ്-ഉൽ-ഫിത്തർ കഴിഞ്ഞ് സ്കൂൾ തുറന്നതിനുശേഷമുള്ള ആറാം പ്രവൃത്തിദിനമാണ്. ഈ തീയതിയിലെ വിദ്യാർഥികളുടെ എണ്ണമാണ് ഇത്തരം സ്കൂളുകളിലെ തസ്തിക നിർണയത്തിനു കണക്കിലെടുക്കേണ്ടത്.

മഴ, നീപ വൈറസ് ബാധ തുടങ്ങിയ കാരണങ്ങളാൽ ചില ജില്ലകളിൽ സ്കൂൾ തുറക്കാൻ വൈകിയതുമൂലവും, പിന്നീടുവന്ന അവധികൾ മൂലവും പ്രസ്തുത സ്ഥലങ്ങളിലെ ആറാം സാധ്യായ ദിനം മറ്റുള്ള ജില്ലകളുടേതിൽ നിന്നും വ്യത്യസ്തമാകും. എന്നാൽ ഈ സ്കൂളുകളുടെയും തസ്തികനിർണയ പ്രവർത്തനങ്ങൾ ജൂലൈ 3 നു തന്നെ പൂർത്തിയാക്കണം.

സമ്പൂർണ സോഫ്റ്റ്വെയറിൽനിന്നു പ്രഥമാധ്യാപകൻ പ്രിന്റൗട്ട് എടുത്തു സമർപ്പിക്കുന്ന ആറാം സാധ്യായ ദിന റിപ്പോർട്ട്, Class & Division Wise Report (ഇത് ആറാം സാധ്യായ ദിന

ത്തിൽ ഓരോ ക്ലാസ് ഡിവിഷനിലും റോളിലുള്ള വിദ്യാർഥികളുടെ വിശദാംശങ്ങളടങ്ങിയ ലിസ്റ്റാണ്) എന്നീ രേഖകളിലൂടെ ആറാം പ്രവൃത്തിദിനത്തിലെ കുട്ടികളുടെ ശരിയായ എണ്ണം ലഭിക്കും. ഇതിന്റെ ആധികാരികത മുൻപ് പ്രഥമാധ്യാപകൻ സമർപ്പിച്ചിട്ടുള്ള 6th Working Day Strength ന്റെ കോപ്പിയുമായി ഒത്തുനോക്കി ബോധ്യപ്പെടണം. സമ്പൂർണ യിൽനിന്നുള്ള പ്രിന്റൗട്ടുകളിൽ പ്രഥമാധ്യാപകന്റെയും Class Wise Report ൽ ബന്ധപ്പെട്ട ക്ലാസ്ടീച്ചറിന്റെയും ഒപ്പുകൾ ഉണ്ടായിരിക്കണം. 15.06.2018 മുതൽ പ്രഥമാധ്യാപകർക്ക് (ആറാം സാധ്യായ ദിനം കഴിഞ്ഞിട്ടുള്ള സ്കൂളുകളിലേത്) സമ്പൂർണയിൽനിന്ന് പ്രിന്റൗട്ടുകൾ എടുക്കാവുന്നതാണ്.

2) **വിദ്യാർത്ഥി-അധ്യാപക അനുപാതം**

സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നേടുന്നതിനുള്ള കുട്ടികളുടെ അവകാശ നിയമം 2009, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ എന്നിവയിൽ അനുശാസിക്കുന്ന, താഴെപറയുന്ന വിദ്യാർത്ഥി-അധ്യാപക അനുപാതത്തിലാണ് ഈ വർഷവും തസ്തികകൾ അനുവദിക്കേണ്ടത്.

i) I മുതൽ V വരെ ക്ലാസുകൾ

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന ഡിവിഷനുകൾ |
|---|---|
| 30 വരെ | 1 |
| 31 മുതൽ 60 വരെ | 2 |
| 61 മുതൽ 90 വരെ | 3 |
| 91 മുതൽ 120 വരെ | 4 |
| 121 മുതൽ 150 വരെ | 5 |
| 151 മുതൽ 200 വരെ | 5 |
| 201 മുതൽ 240 വരെ | 6 |
| 241 മുതൽ 280 വരെ | 7 |
| 281 മുതൽ 320 വരെ | 8 എന്ന ക്രമത്തിൽ |

(121 മുതൽ 200 വരെ 5 ഡിവിഷനുകളാണുള്ളത് എന്ന കാര്യം ശ്രദ്ധിക്കുക)

ii) VI മുതൽ VIII വരെ ക്ലാസുകൾ

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന ഡിവിഷനുകൾ |
|---|---|
| 35 വരെ | 1 |
| 36 മുതൽ 70 വരെ | 2 |
| 71 മുതൽ 105 വരെ | 3 |
| 106 മുതൽ 140 വരെ | 4 |
| 141 മുതൽ 175 വരെ | 5 എന്ന ക്രമത്തിൽ |

iii) IX, X ക്ലാസുകൾ

| കുട്ടികളുടെ എണ്ണം | അനുവദിക്കാവുന്ന ഡിവിഷനുകൾ |
|---|---|
| 50 വരെ | 1 |
| 51 മുതൽ 95 വരെ | 2 |
| 96 മുതൽ 140 വരെ | 3 |
| 141 മുതൽ 185 വരെ | 4 എന്ന ക്രമത്തിൽ |

3) **ഹെഡ്ടീച്ചർ തസ്തിക**

കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം XXIII, ചട്ടങ്ങൾ 1(b)(iii), 5(iv) എന്നിവ പ്രകാരം സർക്കാർ, എയ്ഡഡ് എൽ.പി./യു.പി. സ്കൂളുകളിൽ താഴെപറയുന്ന ക്രമത്തിൽ കുട്ടികൾ ഉണ്ടെങ്കിൽ അവിടങ്ങളിലെ പ്രഥമാധ്യാപകരെ ക്ലാസ്ചുമതലയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് ഒരു അധിക എൽ.പി.എസ്.എ/യു.പി.എസ്.എ തസ്തിക അനുവദിക്കേണ്ടതാണ്.

**എൽ.പി. സ്കൂളുകൾ**

I മുതൽ IV വരെയോ, I മുതൽ V വരെയോ ഉള്ള ക്ലാസുകളിൽ 150 ൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ.

**യു.പി. സ്കൂളുകൾ**

i) V മുതൽ VII വരെ ക്ലാസുകൾ ഉള്ള യു.പി. സ്കൂളുകൾ

V മുതൽ VII വരെ ക്ലാസുകളിൽ 100 ൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ.

ii) I മുതൽ VII വരെ ക്ലാസുകൾ ഉള്ള യു.പി. സ്കൂളുകൾ

I മുതൽ V വരെ ക്ലാസുകളിൽ 150 ൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ

*അല്ലെങ്കിൽ*

V മുതൽ VII വരെ ക്ലാസുകളിൽ 100 ൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ.

4) **കെട്ടിട സൗകര്യം**

സർക്കാർ, എയ്ഡഡ് ഭേദമന്യേ മേൽ ഖണ്ഡിക 2 ൽ പറഞ്ഞ അനുപാതപ്രകാരം തസ്തികനിർണയം നടത്തുമ്പോൾ അക്കോമഡേഷൻ സൗകര്യം നിർബന്ധമായും കണക്കിലെ ടുത്തിരിക്കണം. ഇതിന്റെ വിശദാംശങ്ങൾ ഉത്തരവിൽ വ്യക്തതയോടെ രേഖപ്പെടുത്തുകയും വേണം. പല വിദ്യാഭ്യാസ ഓഫീസർമാരും തസ്തികനിർണയ ഉത്തരവുകളിൽ സ്കൂൾ കെട്ടിടങ്ങളുടെ കൃത്യമായ അളവ് (നീളം X വീതി X ഉയരം) രേഖപ്പെടുത്തുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത് ഗുരുതരമായ ഒരു ന്യൂനതയാണ്. Pre-KER, Post-KER കെട്ടിടങ്ങൾ തരംതിരിച്ച് അവയുടെ കൃത്യമായ അളവുകളും, അവയിൽ ഓരോന്നിലുമുള്ള ക്ലാസ്മുറികളുടെ എണ്ണവും നിർബന്ധമായും 2018-19 ലെ തസ്തികനിർണയ ഉത്തരവിൽ രേഖപ്പെടുത്തിയിരിക്കണം. എഞ്ചിനീയർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റിൽ ഈ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അവ തിരികെ നൽകി പ്രസ്തുത വിവരങ്ങൾ ചേർത്തുനൽകാൻ ആവശ്യപ്പെടണം. ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗങ്ങൾ കൂടിയുള്ള സ്കൂളാണെങ്കിൽ തസ്തികനിർണയ ഉത്തരവിൽ സെക്കന്ററി വിഭാഗം വരെയുള്ള ക്ലാസുകൾക്കായി മാറ്റിവച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരം പ്രത്യേകം രേഖപ്പെടുത്തണം. വരുംവർഷങ്ങളിൽവിദ്യാഭ്യാസ ഓഫീസറുടെ അനുമതി കൂടാതെ ഇതിനു മാറ്റം വരുത്താനും അനുവദിക്കരുത്.

പ്രീ-പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളും സ്കൂൾ തുറക്കുന്നതിനു മുമ്പു തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിരിക്കണമെന്നും, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ ഒരു സ്കൂളും പ്രവർത്തിപ്പിക്കരുതെന്നും സൂചന (5) ലെ സർക്കുലറിലൂടെ സർക്കാർ വ്യക്തമാക്കിയിട്ടുള്ള കാര്യവും ശ്രദ്ധയിൽപെടുത്തുന്നു.

5) **ഭാഷാധ്യാപക തസ്തികകൾ**

സൂചന (6) ലെ ഉത്തരവ് പ്രകാരം, സംസ്കൃതം, അറബിക്, ഉറുദു തുടങ്ങിയ ഭാഷാധ്യാപകരെ നിലനിർത്തുന്നതിനായി പ്രസ്തുത ഭാഷപഠിക്കുന്ന മിനിമം കുട്ടികളുടെ എണ്ണത്തിൽ കുറവു വരുത്തിയിട്ടുണ്ട്. ഈ ആനുകൂല്യം ഈ വർഷവും പ്രയോജനപ്പെടുത്തേണ്ടതാണ്. ഇത് തസ്തിക അനുവദിക്കുന്നതിനു വേണ്ടിയല്ല. നിയമനാംഗീകാരമുള്ള അധ്യാപകരെ നിലനിർത്തുന്നതിനുവേണ്ടി മാത്രമാണ് ഇങ്ങനെ ചെയ്യുന്നത്. തസ്തിക നഷ്ടമായി പുനർവിന്യസിക്കപ്പെട്ട സംരക്ഷിത ഭാഷാധ്യാപകർക്ക് മാതൃവിദ്യാലയത്തിൽ 3 ദിവസം ജോലി നോക്കുന്നതിനാണ് ഇതുവഴി അവസരമുണ്ടാകുന്നത്. ടി വിഷയങ്ങളിൽ തസ്തിക അനുവദിക്കണമെങ്കിൽ കെ.ഇ.ആർ/ ബന്ധപ്പെട്ട സർക്കാർ ഉത്തരവ് അനുശാസിക്കും പ്രകാരം മിനിമം എണ്ണം കുട്ടികൾ ഓരോ വിഷയവും പഠിക്കാൻ ഉണ്ടാകണം.

6) **സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തികകൾ**

സൂചന (7) ലെ ഉത്തരവ് പ്രകാരം, സംരക്ഷണത്തിന് അർഹതയുള്ള സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് തസ്തിക നഷ്ടമായാൽ അവരെ നിലനിർത്തുന്നതിനുള്ള മാർഗ നിർദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദേശങ്ങളും ഈ വർഷത്തെ തസ്തിക നിർണയത്തിനും ബാധകമായിരിക്കുന്നതാണ്. സർക്കാർ സ്കൂളുകളിലും ഒന്നിലധികം സ്കൂളുകളുള്ള കോർപ്പറേറ്റും വ്യക്തിഗതവുമായ മാനേജുമെന്റ് സ്കൂളുകളിലും ഈ ഉത്തരവിന്റെ ആനുകൂല്യം നൽകി, തസ്തിക നഷ്ടമായ സംരക്ഷിതാധ്യാപകരെ നിലനിർത്തു മ്പോൾ ജില്ലയിൽ/മാനേജുമെന്റിലെ മറ്റ് സ്കൂളുകളിൽ ഒഴിവുകളൊന്നും നിലവിലില്ലെന്ന് ഉറപ്പുവരുത്തിയിരിക്കണം.

7) **അധിക തസ്തികകൾ**

2018-19 വർഷം അർഹതയുള്ള അധിക തസ്തികകളും ഈ തസ്തികനിർണയം വഴി അനുവദിക്കേണ്ടതാണ്. അധിക തസ്തികകൾ അനുവദിക്കുന്ന സ്കൂളുകളുടെ വിവരങ്ങൾ (പേര്, മേൽവിലാസം, ജില്ല/ഉപജില്ല, അനുവദിച്ച അധിക തസ്തികകളുടെ വിവരങ്ങൾ മുതലായവ) തസ്തികനിർണയ ഉത്തരവിന്റെ പകർപ്പ് സഹിതം ബന്ധപ്പെട്ട സൂപ്പർചെക്ക്സെൽ ഓഫീസർക്ക് (തിരുവനന്തപുരം/കോഴിക്കോട്) തസ്തികനിർണയ ഉത്തരവ് പ്രസിദ്ധീകരിച്ചാലുടൻ തന്നെ രജിസ്റ്റേർഡ് തപാലിൽ അയക്കേണ്ടതാണ്. തപാൽ രജിസ്റ്റർ ചെയ്ത രസീതിന്റെ പകർപ്പ് തസ്തികനിർണയ ഫയലിൽ സൂക്ഷിക്കണം. അധിക തസ്തികകൾ അനുവദിക്കപ്പെടുന്ന മുഴുവൻ സ്കൂളുകളിലും ഈ വർഷവും സൂപ്പർചെക്ക്സെൽ പരിശോധന നടത്തുന്നതാണ്.

8) **ഗ്രൂപ്പ് 'സി' ഡൈവെർഷൻ**

ഗ്രൂപ്പ് 'സി' വിഷയങ്ങളിൽ നിന്നുള്ള പീരീഡുകൾ കൂടി ഉപയോഗിച്ച് ഭാഷാവിഷയങ്ങളിൽ ഫുൾടൈം തസ്തിക അനുവദിച്ചിരുന്ന നടപടി 2010-11 വർഷം വരെ മാത്രമായിരുന്നു നിലവിലുണ്ടായിരുന്നത്. (4.11.2010 ലെ ജി.ഒ (എം.എസ്) നമ്പർ 220/2010/പൊ.വി.വ.) 2011-12 മുതൽ ഇപ്രകാരം ഫുൾടൈം തസ്തിക പുതുതായി സൃഷ്ടിക്കാനാവില്ല. എന്നാൽ 2010-11 വരെ ഗ്രൂപ്പ് 'സി' ഡൈവെർഷൻ വഴി ഫുൾടൈം തസ്തിക സൃഷ്ടിച്ച് അതിൽ തുടർന്നിരുന്ന അധ്യാപകർക്ക് അവർ സർവീസിൽനിന്നു വിരമിക്കുന്നതുവരെ പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതാണ്. അവരുടെ വിരമിക്കലിനുശേഷം തസ്തിക പാർട്-ടൈം ആയി മാറുന്നതാണ്.

9) **ഫുൾടൈം ബനഫിറ്റ്**

ഭാഷാധ്യാപകർക്ക് ഫുൾടൈം ബനഫിറ്റ് നൽകുമ്പോൾ അവർക്ക് ഫുൾടൈം ജോലി കൂടി ഉറപ്പുവരുത്തണമെന്ന് 02-05-1973 ലെ ജി.ഒ.(എം.എസ്) നമ്പർ 62/73/സ്കൂൾ വി.ൽ നിർദേശമുണ്ട്. ആയതിനാൽ ഫുൾടൈം ബനഫിറ്റ് നൽകുന്ന ഭാഷാധ്യാപകരുടെ സേവനം സമീപ സ്കൂളുകളുമായി (പ്രസ്തുത വിഷയം പഠിപ്പിക്കാൻ വേണ്ടി മാത്രം) ക്ലബ് ചെയ്യേണ്ടതാണ്. സമീപ സ്കൂളുകളിലൊന്നും ക്ലബ് ചെയ്യാൻ കഴിയുന്നില്ല എന്ന കാരണത്താൽ ആർക്കും ഫുൾടൈം ബനഫിറ്റ് അനുവദിക്കാത്ത അവസ്ഥയുണ്ടാക്കുകയുമരുത്. അങ്ങനെയുള്ള സാഹചര്യത്തിൽ ഈ അധ്യാപകർക്ക് അവരുടെ സ്കൂളിൽതന്നെ ഫുൾടൈം ആയി ജോലി നൽകാൻ പ്രഥമാധ്യാപകരെ ചുമതലപ്പെടുത്തണം. ഇക്കാര്യം വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തുകയും വേണം.

02-05-1973 ലെ സർക്കാർ ഉത്തരവ് പ്രകാരം 5 വർഷത്തെ തുടർച്ചയായ സർവീസും 8 പീരീഡ് ജോലിയുമുള്ള ഭാഷാധ്യാപകർക്കാണ് ഫുൾടൈം ബനഫിറ്റ് നൽകുന്നത്. സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പരിശോധിച്ച്, 8 പീരീഡ് ജോലിയുള്ള ഭാഷാധ്യാപകർക്ക് തുടർച്ചയായ 5 വർഷം തികയുന്ന തീയതിയുടെ അടുത്ത ദിവസം മുതൽ ഫുൾടൈം ബനഫിറ്റിന് അർഹതയുണ്ടാകുമെന്ന് (അധ്യാപകന്റെ പേരും സർവീസും തീയതിയും എല്ലാം ചേർത്ത്) തസ്തികനിർണയ ഉത്തരവിൽ മുൻകൂട്ടി തന്നെ രേഖപ്പെടുത്തുകയെന്നതാണ് ശരിയായ മാർഗം. 2018 ജൂലൈ 15 മുതൽ 2019 ജൂലൈ 14 വരെയുള്ള കാലയളവിൽ ഫുൾടൈം ബനഫിറ്റിനു അർഹതയെത്തുന്നവരുടെ പേരുവിവരം ചേർക്കേണ്ടത് 2018-19 ലെ തസ്തിക നിർണയ ഉത്തരവിലാണെന്നത് പ്രത്യേകം ഓർക്കുക. ഇപ്രകാരം മുൻകൂട്ടി ഇത് അറിയിച്ചാൽ അവർക്ക് പ്രസ്തുത തീയതി മുതൽ തന്നെ ഫുൾടൈം ആയി ജോലി നോക്കാൻ കഴിയും. ഈ തീയതിയെത്തുമ്പോൾ സേവനപുസ്തകം വരുത്തി പരിശോധിച്ച് 5 വർഷത്തെ തുടർച്ചയായ സർവീസ് ഉറപ്പുവരുത്തി ഫുൾടൈം അധ്യാപകരുടെ പ്രാരംഭ ശമ്പളം നൽകാനും പ്രയാസമുണ്ടാകില്ല. മാത്രമല്ല, ഈ വിഷയത്തിൽ ഉണ്ടാകുന്ന നൂറുകണക്കിനു പരാതികൾക്കും ഇതോടെ ശമനമുണ്ടാവുകയും ചെയ്യും.

10) **അധ്യാപക ബാങ്ക്**

2018-19 ലെ തസ്തികനിർണയത്തിലൂടെ 2018 ജൂലൈ 15 ന് തസ്തിക നഷ്ടമാകുന്ന അധ്യാപക-അനധ്യാപകരിൽ സൂചന (1) ലെ ഉത്തരവിന്റെ ഖണ്ഡിക I ന്റെ അടിസ്ഥാനത്തിൽ സംരക്ഷണത്തിന് അർഹതയുള്ളവരുടെ പേരുവിവരങ്ങൾ കൂട്ടിച്ചേർത്ത് നിലവിലുള്ള അധ്യാപക ബാങ്ക് പരിഷ്കരിക്കണം. ഇവർക്കു പുനർവിന്യാസം ലഭിക്കുന്ന തീയതി മുതൽ മാത്രമേ ശമ്പളത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു. (സൂചന (1) ലെ ഉത്തരവ് കാണുക). ഈ വർഷം തസ്തിക നഷ്ടമാകുന്ന അധ്യാപകർ ജൂലൈ 15 നുശേഷം

സ്കൂളിൽ തുടരേണ്ടതില്ല. അധ്യാപക ബാങ്ക് നവീകരിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ കത്ത് പിന്നാലെ നൽകുന്നതാണ്.

11) **വ്യാജ അഡ്മിഷനുകൾ**

"പരമാവധി അധ്യാപകർക്ക് സംരക്ഷണം നൽകാൻ സർക്കാരും പൊതുവിദ്യാഭ്യാസ വകുപ്പും തയ്യാറായ വർത്തമാനകാല സാഹചര്യത്തിൽപോലും നമ്മുടെ ചില സ്കൂളുകളെങ്കിലും കൃത്രിമ മാർഗങ്ങളിലൂടെ കുട്ടികളുടെ എണ്ണം പെരുപ്പിച്ചുകാട്ടി അനധികൃത ഡിവിഷനുകളും തസ്തികകളും നേടിയെടുക്കാൻ ശ്രമിക്കുന്നുണ്ട് എന്നത് തികച്ചും ഖേദകരമായ ഒരു വസ്തുതയാണ്. വിദ്യാർഥി-അധ്യാപക അനുപാതം കാലോചിതമായി പരിഷ്കരിച്ച് അധിക ഡിവിഷനുകളും അധിക തസ്തികകളും സർക്കാർ അനുവദിക്കുമ്പോൾ ലാഭേച്ഛയുടെ പേരിൽ നടത്തുന്ന ഈ തട്ടിപ്പിന് അധ്യാപകരിൽ ചിലർ കൂട്ടുനിൽക്കുന്നത് രാജ്യത്തിനാകെ മാതൃകയായ നമ്മുടെ അധ്യാപകസമൂഹത്തിനു മൊത്തത്തിൽ നാണക്കേടാണ്. വ്യാജ അഡ്മിഷൻ ഒരു കുട്ടിയുടേതാണെങ്കിൽപോലും തന്മൂലം സൃഷ്ടിക്കപ്പെടുന്നത് ഒരു അധിക ഡിവിഷനും ഒന്നിലധികം തസ്തികകളും ആകാം. ഇതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം വർഷങ്ങളോളം നീണ്ടുനിൽക്കുന്നതും കണക്കാക്കാനാകാത്തതുമാണ്. സ്കൂളുകളിലെ തസ്തിക നിർണയത്തിന് 2002-03 വർഷംവരെ തുടർന്ന എ.ഇ.ഒ/ഡി.ഇ.ഒ-മാർ നടത്തുന്ന 'തലയെണ്ണൽ', 2003-04 മുതൽ നിലവിൽവന്ന 'ഏകദിനപരിശോധന' തുടങ്ങിയ കുട്ടികളുടെ എണ്ണമെടുക്കൽ പ്രക്രിയകളൊന്നും ഇപ്പോൾ ബന്ധപ്പെട്ട കെ.ഇ.ആർ. ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. പ്രഥമാധ്യാപകരെയും അധ്യാപക സമൂഹത്തെയാകെയും വിശ്വാസത്തിലെടുത്ത് കുട്ടികളുടെ യു.ഐ.ഡി/ഇ.ഐ.ഡി. സ്ട്രെങ്ക്തിനെമാത്രം ആധാരമാക്കിയാണ് ഇപ്പോൾ തസ്തിക നിർണയം നടത്തുന്നത്. എന്നിട്ടും വന്ദ്യവയോധികരുടെപോലും യു.ഐ.ഡി/ഇ.ഐ.ഡി നമ്പർ (ആധാർ) വ്യാജ വിദ്യാർഥിക്ക് ചാർത്തി ഡിവിഷനുകൾ പെരുപ്പിക്കാൻ നമ്മുടെ ചില സ്കൂളുകൾ തയ്യാറായത് പിടിക്കപ്പെട്ടിട്ടുണ്ട്. പ്രഥമാധ്യാപകരുടെയും അധ്യാപകരുടെയും ഭാഗത്തുനിന്നുള്ള ഈ നടപടി ഇന്ത്യൻ ശിക്ഷാനിയമം 120 B, 465, 468, 471 എന്നീ വകുപ്പുകൾ പ്രകാരം ക്രിമിനൽ കുറ്റമാണെന്നാണ് കേരളത്തിന്റെ 10-ാം ശമ്പള പരിഷ്കരണ കമ്മീഷൻ അധ്യക്ഷനായിരുന്ന ജസ്റ്റിസ് സി.എൻ.രാമചന്ദ്രൻനായർ അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയത്. തീർത്തും സുതാര്യവും അഴിമതി രഹിതവുമായ പുതിയ തസ്തികനിർണയ സമ്പ്രദായത്തിന് വ്യാജവിദ്യാർഥികളുടെ അഡ്മിഷൻ വഴി കളങ്കം ചാർത്തുന്നവരെ കണ്ടെത്തി ഉചിതമായ ശിക്ഷ നൽകി സർവീസിൽനിന്നു നീക്കംചെയ്യണമെന്ന അഭിപ്രായമാണ് അദ്ദേഹം ഇതിലൂടെ പങ്കുവെച്ചത്. സർക്കാർ ഖജനാവിന് നൈരന്തര്യ സ്വഭാവമുള്ള അതിഭീമമായ നഷ്ടം വരുത്തുന്ന ഇക്കൂട്ടരെ ഈ വർഷം കണ്ടെത്തി കർശന നടപടികൾ സ്വീകരിക്കുകതന്നെ ചെയ്യും."

വ്യാജ അഡ്മിഷനെക്കുറിച്ചുള്ള മേൽപറഞ്ഞ വരികൾ സൂചന (9) ലെ സർക്കുലറിൽ ചേർത്തിരുന്നതാണെന്ന കാര്യം ഓർമയുണ്ടാകുമല്ലോ. ഇതിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്കൂളുകളിലെ വ്യാജ അഡ്മിഷനുകളുടെ എണ്ണം കുറഞ്ഞിട്ടുണ്ട് എന്നത് ശുഭോദർക്കമാണെങ്കിലും ചില സ്കൂളുകളെങ്കിലും അനധികൃതമായി ഡിവിഷനും തസ്തികയും ലഭിക്കുവാൻ പല കൃത്രിമ മാർഗങ്ങളും ഇപ്പോഴും അവലംബിക്കുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അധിക തസ്തികകൾക്ക് അർഹതയില്ലാത്ത സമീപത്തെ സ്കൂളുകളിൽ നിന്നോ മാനേജുമെന്റിലെ മറ്റ് സ്കൂളുകളിൽ നിന്നോ രക്ഷിതാവിന്റെയോ കുട്ടിയുടെയോ അറിവില്ലാതെ ആറാം സാധ്യായ ദിനത്തിനു മുമ്പ് കുട്ടികളുടെ വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങുകയും അവരെ റോളിൽ ചേർത്ത് അനധികൃതമായി ഹാജർ നൽകിയതിനുശേഷം ആറാം സാധ്യായ ദിനത്തിനുശേഷം റ്റി.സി പഴയ സ്കൂളിലേക്കു തന്നെ നൽകുകയും ചെയ്യുന്ന ഹീനപ്രവൃത്തിയും കഴിഞ്ഞ വർഷം പിടിക്കപ്പെട്ടിട്ടുണ്ട്. രക്ഷിതാവോ കുട്ടിയോ അറിയാതെ നടത്തുന്ന ഈ "ബുക്ക് അഡ്ജസ്റ്റ്മെന്റ്" വഴി നിരവധി അനധികൃത തസ്തികകളാണ് പ്രസ്തുത സ്കൂളുകളിൽ സൃഷ്ടിക്കപ്പെടുന്നത്. ഇത്തരം അഡ്ജസ്റ്റുമെന്റുകൾ പലപ്പോഴും സമ്പൂർണ വഴിയല്ല ചെയ്യുന്നതെന്നും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇതു കൂടാതെ അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ പേരും യു.ഐ.ഡി യും ഉപയോഗിച്ചും, റ്റി.സി കൂടാതെ പ്രവേശിപ്പിക്കുന്ന കുട്ടികളുടെ എണ്ണം പെരുപ്പിച്ചുകാട്ടിയുമൊക്കെ അനധികൃത ഡിവിഷനുകൾ നേടുന്നുണ്ട്. കഴിഞ്ഞ

വർഷം എഴുപതോളം സ്കൂളുകളിൽ മേൽപറഞ്ഞ തരത്തിലുള്ള അനധികൃത പ്രവൃത്തികൾ നടന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ 3 സ്കൂളിലെ പ്രഥമാധ്യാപകർക്കും ക്ലാസ് ടീച്ചർമാർക്കുമെതിരെ ക്രിമിനൽ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

തസ്തിക നിർണയത്തിനു ശേഷം പല സ്കൂളുകളിലും കുട്ടികൾ വളരെ കുറയുന്നതായി കാണുന്നുണ്ട്. ഇതിന് പ്രധാന കാരണം നേരത്തെ സൂചിപ്പിച്ചതുപോലെ പല സ്കൂളുകളിലും തസ്തിക നിർണയത്തിലെ മാർജിനൽ അഡ്ജസ്റ്റുമെന്റുകൾക്കു വേണ്ടി സമീപ പ്രദേശത്തെ സ്കൂളുകളിൽ നിന്നും റ്റി.സി മുഖേന അഡ്മിഷൻ നടത്തിയിട്ട് തസ്തിക നിർണയത്തിനു ശേഷം വൻതോതിൽ വിടുതൽ സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ ഫലമായിട്ടാണ്. ഈ നടപടിമൂലം അർഹതയിൽ കൂടുതൽ എണ്ണം അധ്യാപകരെ സ്കൂളിൽ നിയമിക്കാൻ ഇടവരുകയും തന്മൂലം സർക്കാരിന് ഭാരിച്ച സാമ്പത്തികനഷ്ടം ഉണ്ടാവുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ ആറാം സാധ്യായദിനത്തിനു ശേഷം റ്റി.സി മുഖേന കുട്ടികളെ വിടുതൽ ചെയ്യുകയോ റോളിൽ നിന്നു നീക്കുകയോ ചെയ്താൽ പ്രസ്തുത വിവരം ഏഴു ദിവസത്തിനകം ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർ വിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ അയക്കണം. ഈ വിവരം വിദ്യാഭ്യാസ ഓഫീസർമാർ അവരുടെ അധികാര പരിധിയിൽ വരുന്ന സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരെ പ്രത്യേകം ഓർമിപ്പിക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിൽ (1) സ്കൂളിന്റെ പേര്, (2) വിദ്യാഭ്യാസ ജില്ല/ഉപജില്ല, (3) കുട്ടികളുടെ പേര്, (4) അഡ്മിഷൻ നമ്പർ, (5) കുട്ടിയെ സ്കൂളിൽ പ്രവേശിപ്പിച്ച തീയതി, (6) റ്റി.സി നൽകുന്ന തീയതി, (7) പഠിച്ചിരുന്ന ക്ലാസ്സും ഡിവിഷനും, (8) റ്റി.സി നൽകിയതിന്റെ/റോളിൽ നിന്നും നീക്കം ചെയ്തതിന്റെ കാരണം, (9) റ്റി.സി മൂലം ചേരുവാൻ ഉദ്ദേശിക്കുന്ന സ്കൂളിന്റെ പേര്, (10) ഏതു വിദ്യാഭ്യാസ ജില്ല/ഉപജില്ലയിലേക്കാണ് റ്റി.സി നൽകുന്നത് എന്നിവ കാണിച്ചിരിക്കണം. റ്റി.സി നൽകിയതിനുശേഷം കുട്ടികളെ റോളിൽ നിന്നു നീക്കം ചെയ്തതിനുശേഷം നിലവിലുള്ള റോൾ സ്ട്രെങ്ക്തിനെ സംബന്ധിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ റിപ്പോർട്ടും ഇതോടൊപ്പം ഉള്ളടക്കം ചെയ്യണം. ഇതിന്റെ പകർപ്പ് അതാത് വിദ്യാഭ്യാസ ഓഫീസർമാർക്കും ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർ അയച്ചുകൊടുക്കേണ്ടതാണ്. അതു പോലെ തന്നെ കോഴിക്കോട് സൂപ്പർചെക്ക് സെല്ലിന്റെ പരിധിയിൽ വരുന്ന തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിലെ സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ ടി റിപ്പോർട്ടിന്റെ ഒരു പകർപ്പ് സൂപ്പർചെക്ക് സെൽ ഓഫീസർ, സൂപ്പർചെക്ക് സെൽ (മലബാർ റിജിയൺ) ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്, 6th ഫ്ളോർ, ബി ബ്ലോക്ക്, സിവിൽ സ്റ്റേഷൻ ബിൽഡിംഗ്സ്, കോഴിക്കോട്-20 എന്ന വിലാസത്തിലും പ്രഥമാധ്യാപകർ അയക്കേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ച പ്രകാരം, റ്റി.സി നൽകുന്നതും, റോളിൽ നിന്നും നീക്കംചെയ്യുന്നതും, വിദ്യാഭ്യാസ ഡയറക്ടറെയും ബന്ധപ്പെട്ട മറ്റുള്ളവരെയും അറിയിക്കാതിരിക്കുകയും പ്രസ്തുത വീഴ്ച ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെ പരിശോധനയിൽ പിന്നീട് കണ്ടുപിടിക്കുകയും തത്ഫലമായി അനധികൃതമായി നൽകിയ തസ്തികകൾ കുറവു ചെയ്യുകയും ചെയ്താൽ ഗവൺമെന്റിന് ഇതുവഴി ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ബന്ധപ്പെട്ട ഹെഡ്മാസ്റ്ററിൽ നിന്നും ക്ലാസ് ടീച്ചർമാരിൽ നിന്നും ഈടാക്കുന്നതും കൂടാതെ അവരുടെ പേരിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്. ഈ വിവരം ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പ്രഥമാധ്യാപകരുടെ ശ്രദ്ധയിൽപെടുത്തേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന വിദ്യാഭ്യാസ ഓഫീസർമാർക്കെതിരെയും കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

എന്നാൽ റ്റി.സി മുഖേന പിരിഞ്ഞുപോയ കുട്ടികളുടെ കാര്യാം പരിഗണിക്കുമ്പോൾ വിദ്യാർത്ഥികൾക്ക് നവോദയാ വിദ്യാലയം, സൈനിക സ്കൂൾ മുതലായ സ്ഥാപനങ്ങളിലേക്ക് പ്രവേശനം ലഭിച്ചത് മൂലമുള്ള റ്റി.സി നൽകൽ, രക്ഷിതാക്കളുടെ ഔദ്യോഗിക സ്ഥലംമാറ്റം/താമസം മാറ്റം മൂലമുള്ള റ്റി.സി നൽകൽ മുതലായ യഥാർത്ഥ സാഹചര്യങ്ങൾ സംഭവിക്കുമ്പോൾ സ്ട്രെങ്ക്തിൽ സ്വാഭാവികമായി ഉണ്ടാകുന്ന കുറവ് ക്രമക്കേടിന്റെ ഭാഗമായി കണക്കാക്കരുത്.

സൂപ്പർചെക്ക് സെല്ലിന്റെ പ്രവർത്തനം ഈ വർഷം കൂടുതൽ വ്യാപിപ്പിക്കുന്നുണ്ട്. കൂടാതെ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും കെ.ഇ.ആർ അധ്യായം XXIII, ചട്ടം 15 വഴി അവരിൽ അർപ്പിതമായ അധികാരം പ്രയോഗിച്ച് വ്യാജ അഡ്മിഷനുകൾ വഴി അനധികൃത ഡിവിഷനും തസ്തികയും സൃഷ്ടിക്കുന്ന ഹീനപ്രവണതയക്ക് ശാശ്വതമായ അന്ത്യം

കാണാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒന്നോ രണ്ടോ കുട്ടികളുടെ വർദ്ധനവ് മൂലം തൊട്ടടുത്ത ഡിവിഷൻ നേടിയിട്ടുള്ള സ്കൂളുകളുടെ ലിസ്റ്റെടുത്ത് എ.ഇ.ഒ/ഡി.ഇ.ഒ മാർ പ്രസ്തുത സ്കൂളുകളിലും സംശയമുള്ള മറ്റ് സ്കൂളുകളിലും അപ്രതീക്ഷിത മിന്നൽ സന്ദർശനങ്ങൾ നടത്തേണ്ടതും ആവശ്യമെന്നു കണ്ടാൽ ചട്ടം 15 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് അനധികൃത ഡിവിഷനുകൾ കുറവു ചെയ്യേണ്ടതും കുറ്റക്കാർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ എടുക്കേണ്ടതുമാണ്.

കുട്ടികളുടെ യു.ഐ.ഡി സ്ട്രെങ്ക്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ തസ്തിക നിർണയം നടക്കുന്നത് എന്നതിനാൽ വ്യാജ അഡ്മിഷനുകൾ കണ്ടെത്താൻ ഒരു മിനിട്ട് പോലും സമയം വേണ്ട എന്ന സ്ഥിതി ഇപ്പോൾ സംജാതമായിട്ടുണ്ട്. ആയതിനാൽ 2018-19 ലെ ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണം സംബന്ധിച്ച സമ്പൂർണ പ്രിന്റൗട്ടുകളിൽ വ്യാജവിദ്യാർഥികൾ ആരെങ്കിലും കടന്നുകൂടിയിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കി തസ്തികനിർണയം നടത്താൻ ബന്ധപ്പെട്ട പ്രഥമാധ്യാപകൻ വിദ്യാഭ്യാസ ഓഫീസർക്ക് അടിയന്തരമായി കത്ത് നൽകേണ്ടതാണ്. പൊതുസമൂഹത്തിനു മുന്നിൽ ഇനിയൊരധ്യാപകനും പ്രഥമാധ്യാപകനും വ്യാജവിദ്യാർഥികളുടെ പേരിൽ ശിരസ്സുകുനിച്ച് നിൽക്കേണ്ടി വരരുത്. ഈ വർഷം സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ സൂപ്പർചെക്ക് സെല്ലും വിദ്യാഭ്യാസ ഓഫീസർമാരും നടത്തുന്ന അപ്രതീക്ഷിത സന്ദർശനങ്ങളിൽ വ്യാജ അഡ്മിഷനുകൾ ഒരെണ്ണമെങ്കിലും കണ്ടെത്തിയാൽ ബന്ധപ്പെട്ട പ്രഥമാധ്യാപകനും ക്ലാസ് ടീച്ചർക്കും എതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതായിരിക്കും. മാത്രമല്ല, അർഹതയില്ലാത്ത തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത മാനേജരെ അയോഗ്യ നാക്കുന്നതുൾപ്പെടെയുള്ള നടപടി കളും സ്വീകരിക്കുന്നതാണ്.

എല്ലാ സ്കൂളുകളിലും, ഓരോ ക്ലാസ് ഡിവിഷനിലെയും കുട്ടികളുടെ ആധാർ കാർഡിന്റെ (യു.ഐ.ഡി) പകർപ്പിൽ അവരുടെ അഡ്മിഷൻ നമ്പർ ചുവന്ന മഷിയിൽ വ്യക്തമായി രേഖപ്പെടുത്തി, ക്ലാസ് നമ്പരിന്റെ ക്രമത്തിൽ അടുക്കി വൃത്തിയായി ബയന്റ് ചെയ്ത് സൂക്ഷിച്ചിരിക്കണം. ഓരോ കാർഡും പ്രഥമാധ്യാപകൻ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തുകയും വേണം. സൂപ്പർചെക്ക് സെൽ ഉദ്യോഗസ്ഥർ, ധനകാര്യവകുപ്പ് പരിശോധനാ വിഭാഗം, വിദ്യാഭ്യാസ ഓഫീസർമാർ തുടങ്ങിയ ഉദ്യോഗസ്ഥർ പരിശോധനയ്ക്കു വരുമ്പോൾ ഓരോ ഡിവിഷനിലെയും ഹാജർ പുസ്തകത്തോടൊപ്പം ആ ഡിവിഷനിലെ ആധാർ കാർഡു കളുടെ ബയന്റ് ചെയ്ത ബണ്ടിലും നിർബന്ധമായും നൽകണം. യു.ഐ.ഡി ലഭ്യമല്ലാത്ത തിനാൽ, തസ്തികനിർണയത്തിനു കണക്കിലെടുക്കുന്നതിന് ഡിക്ലറേഷനോടൊപ്പം സമർപ്പിച്ച കുട്ടികളുടെ ഡിവിഷൻ തിരിച്ച ലിസ്റ്റും ഇതോടൊപ്പം നൽകേണ്ടതാണ്. ഈ നിർദേശം മുൻവർഷം നൽകിയിരുന്നെങ്കിലും പല സ്കൂളുകളിലും ഇത് പാലിക്കപ്പെടു ന്നില്ലെന്നാണ് സൂപ്പർചെക്ക് സെൽ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ആയതിനാൽ ടി നിർദേശം പ്രഥമാധ്യാപകർ കൃത്യമായി പാലിക്കുന്നുണ്ടെന്നും ജൂൺമാസത്തിൽ തന്നെ ടി ബണ്ടിലുകൾ എല്ലാ സ്കൂളിലും തയ്യാറാക്കി സൂക്ഷിച്ചിട്ടു ണ്ടെന്നും ബന്ധപ്പെട്ട ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നിർബന്ധമായും ഉറപ്പുവരുത്തേണ്ടതാണ്.

12) **<u>തസ്തികനിർണയ ഉത്തരവ്</u>**

2018-19 ലെ തസ്തികനിർണയം 03-07-2018 നു പൂർത്തിയാക്കാനും ഉത്തരവുകൾ ടൈപ്പ് ചെയ്ത് 10-07-2018 നു മുമ്പ് ബന്ധപ്പെട്ട എല്ലാവർക്കും (മാനേജർമാർ ഉൾപ്പെടെ) എത്തി ക്കാനും ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ജൂലൈ 10 വരെ കാത്തിരിക്കാതെ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ തസ്തിക നിർണയ ഉത്തരവുകൾ തയ്യാറാകുന്ന മുറയ്ക്കു തന്നെ അവ ബന്ധപ്പെട്ടവർക്കു നൽകുന്ന താണ് ശരിയായ രീതി. ജൂലൈ 10 എന്നത് പരമാവധി സമയമാണെന്ന കാര്യം പ്രത്യേകം ഓർക്കുക. തസ്തികനിർണയ ഉത്തരവുകൾ ടൈപ്പ് ചെയ്ത് ബന്ധപ്പെട്ട എല്ലാവർക്കും നൽകി കഴിഞ്ഞാൽ **STAFF FIXATION 2018-19 SUCCESSFULLY COMPLETED** എന്ന ഇ-മെയിൽ സന്ദേശം hsectiondpi@gmail.com എന്ന വിലാസത്തിലേക്ക് അയക്കേണ്ടതാണ്.

തസ്തിക നിർണയ ഉത്തരവിലെ റിമാർക്സ് പേജിൽ (Appendix ന്റെ 2-ാം പേജ് ഇതിനായി ഉപയോഗിക്കാം) താഴെപറയുന്ന വിവരങ്ങൾ (ബാധകമാണെങ്കിൽ മാത്രം) നിർബന്ധ മായും ഉൾപ്പെടുത്തിയിരിക്കണം.

i) സ്കൂളിലെ എല്ലാ സംരക്ഷിതജീവനക്കാരുടെയും (അധ്യാപക പാക്കേജുവഴി നിയമിതരായ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർ ഉൾപ്പെടെ) ലിസ്റ്റ് (പേര്, തസ്തിക, ജനനത്തീയതി, സ്ഥിരനിയമനത്തീയതി, പുനർവിന്യസിക്കപ്പെട്ട തീയതി,സ്കൂളിന്റെ പേര് മുതലായ വിവരങ്ങൾ)

ii) പുനർവിന്യസിക്കപ്പെട്ട ജീവനക്കാരിൽ ഈ വർഷം തിരികെ വിളിക്കപ്പെടുന്നവരുടെ ലിസ്റ്റ്.

iii) അധ്യാപക പാക്കേജ് വഴി നിയമനാംഗീകാരം നൽകി, പൂൾ ചെയ്യപ്പെട്ട സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ ലിസ്റ്റ് (പേര്, തസ്തിക, ജനനത്തീയതി, പൂൾ ചെയ്യപ്പെട്ട തീയതി, സ്കൂളിന്റെ പേര്മുതലായ വിവരങ്ങൾ)

iv) ഫുൾടൈം ബനഫിറ്റ് നൽകിയ/നൽകുന്ന ഭാഷാധ്യാപകരുടെ വിശദാംശങ്ങൾ (പേര്, തസ്തിക, സ്ഥിരനിയമനത്തീയതി, ഫുൾടൈം ബനഫിറ്റ് നൽകിയ തീയതി, ക്ലബ് ചെയ്ത സ്കൂളിന്റെ പേര്, അവിടെ ജോലി നോക്കേണ്ട ദിവസങ്ങളുടെ എണ്ണം മുതലായ വിവരങ്ങൾ).

v) പ്രഥമാധ്യാപകനെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കി പകരം അധിക എൽ.പി.എസ്.എ./യു.പി.എസ്.എ. തസ്തിക സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ (ഇതിനകം ഈ തസ്തികയിൽ സംരക്ഷിതാധ്യാപകനെ നിയമിച്ചിട്ടുണ്ടെങ്കിൽ ആളിന്റെ പേര്, തസ്തിക, ജോലിയിൽ പ്രവേശിച്ച തീയതി, സ്കൂളിന്റെ പേര് മുതലായ വിവരങ്ങൾ).

vi) അനുവദിക്കുന്ന അധിക തസ്തികകളുടെ വിവരങ്ങൾ.

vii) 15.07.2018 മുതൽ തസ്തിക നഷ്ടമായി പുറത്താകുന്നതും സംരക്ഷണത്തിന് അർഹതയില്ലാത്തതുമായ ജീവനക്കാരുടെ ലിസ്റ്റ്.

viii) 15.07.2000 ലെ ജി.ഒ. (എം.എസ്) നമ്പർ 237/2000/പൊ.വി.വ., 15.05.2004 ലെ ജി.ഒ.(എം.എസ്) നമ്പർ 135/04/പൊ.വി.വ. എന്നിവ പ്രകാരം 2001-02 വരെ നിയമിതരായ ഹൈസ്കൂൾ അസിസ്റ്റന്റുമാർക്ക് (മലയാളം) തസ്തിക അനുവദിക്കുമ്പോൾ സംസ്കൃതം, അറബ്, ഉറുദു തുടങ്ങിയ ഭാഷകൾ പഠിക്കുന്ന കുട്ടികളെ ഒഴിവാക്കേണ്ടതില്ല. സ്കൂളുകളിൽ ഈ ആനുകൂല്യം നൽകി തസ്തിക സംരക്ഷിച്ചു നിലനിർത്തിയിട്ടുള്ള അധ്യാപകരുടെ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ്.

ix) 26.12.2016 ലെ സ.ഉ.(എം.എസ്.) നമ്പർ 209/2016/പൊ.വി.വ. പ്രകാരം കുട്ടികളുടെ മിനിമം എണ്ണത്തിൽ കുറവുവരുത്തി, ക്ലബ്ബിംഗ് അനുവദിച്ചു നിലനിർത്തിയിട്ടുള്ള ഭാഷാധ്യാ പകരുടെ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ്.

x) 07.09.2017 ലെ സ.ഉ(കൈയ്യെഴുത്ത്) നമ്പർ 111/2017/പൊ.വി.വ ന്റെ ആനുകൂല്യം നൽകി നിലനിർത്തിയ സംരക്ഷിത സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ ലിസ്റ്റ്

xi) ഗ്രൂപ്പ് 'സി' ഡൈവെർഷൻ വഴി ഫുൾടൈം തസ്തികയിൽ ജോലി നോക്കുന്ന അധ്യാപകരുടെ വിവരങ്ങൾ.

xii) മറ്റു പ്രസക്തമായ വിവരങ്ങൾ.

13) <u>ഫയലുകളുടെ പരിശോധന</u>

തസ്തികനിർണയ ഫയലുകളുടെ നിയമപരമായ പരിശോധന ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും വിദ്യാഭ്യാസ ഉപഡയറക്ടർമാരും 2018 ആഗസ്റ്റ് 31 നകം തന്നെ പൂർത്തിയാക്കണം. ഇതിന്റെ സമയക്രമം ഇപ്പോൾതന്നെ തീരുമാനിച്ച് എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെയും,ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെയും അറിയിക്കുക.

അതീവ ജാഗ്രതയോടെ, പിഴവുകളില്ലാതെ തന്നെ ഈ വർഷത്തെ തസ്തികനിർണയ പ്രവർത്തനങ്ങൾ യഥാസമയം പൂർത്തിയാക്കുന്നതിന് വിദ്യാഭ്യാസ ഓഫീസർമാർ ഇപ്പോൾ പ്രഥമ പരിഗണന നൽകണം. ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെയും വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിലെയും തസ്തികനിർണയവുമായി ബന്ധപ്പെട്ട മുഴുവൻ ക്ലാർക്കുമാർക്കും, സൂപ്രണ്ടുമാർക്കും ഈ വിഷയത്തിൽ ഒരു ദിവസത്തെ പരിശീലനപരിപാടി ജില്ലാതലത്തിൽ സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും. (ജൂൺ 18 മുതൽ 20 വരെയുള്ള കാലയളവിൽ) ഈ പരിശീലന ക്യാമ്പിൽ ജില്ലയിൽനിന്നുള്ള ഒരു വിദഗ്ദ്ധനെ ഉപയോഗിച്ച് തസ്തികനിർണയം സംബന്ധിച്ച പൊതു ചട്ടങ്ങളും ഉത്തരവുകളും വിശദീകരിപ്പിക്കുകയും അതോടൊപ്പം ഈ പരിപത്രത്തിലെ വിവരങ്ങൾ വിശദമായി

അവതരിപ്പിക്കേണ്ടതുമാണ്. തീയതി മുൻകൂട്ടി അറിയിച്ചാൽ ഡയറക്ടറേറ്റിൽ നിന്നുള്ള ഉദ്യോഗസ്ഥരും ഈ പരിപാടിയിൽ പങ്കെടുക്കുന്നതാണ്.

നിലവിലുള്ള ചട്ടങ്ങൾ പ്രകാരവും, തസ്തികനിർണയം സംബന്ധിച്ച ഉത്തരവുകൾ പ്രകാരവും അനുവദിക്കാൻ കഴിയുന്ന മുഴുവൻ ഡിവിഷനുകളും തസ്തികകളും ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തന്നെ അനുവദിക്കണം. തസ്തികനിർണയം കഴിഞ്ഞ് ജില്ലാ/ഡയറക്ടറേറ്റ്/സർക്കാർ തലങ്ങളിൽ അപ്പീലുകളുടെ ഘോഷയാത്ര ഉണ്ടാകുന്ന അവസ്ഥാവിശേഷം സംജാതമാക്കരുത്. ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തസ്തികനിർണയം വഴി അനുവദിക്കാത്ത തസ്തിക ഒരു തലത്തിലുള്ള അപ്പീൽ വഴിയും അനുവദിക്കപ്പെടാത്ത തരത്തിൽ കുറ്റമറ്റതും പൂർണവും സമഗ്രവുമാകണം 2018-19 ലെ തസ്തികനിർണയ ഉത്തരവുകൾ.

ഏറ്റവും അടുത്ത ഒരു ദിനം വിദ്യാഭ്യാസ ജില്ലയിൽ/ഉപജില്ലയിൽ പ്രഥമാധ്യാപകരുടെ യോഗം ചേർന്ന് ഈ പരിപത്രത്തിലെ വിവരങ്ങൾ അവരെ അറിയിക്കുകയും പകർപ്പ് അവർക്കു നൽകി രസീത് വാങ്ങി ഫയലിൽ സൂക്ഷിക്കുകയും വേണം. പ്രഥമാധ്യാപകർ ചെയ്യേണ്ടതായി പരിപത്രത്തിൽ സൂചിപ്പിച്ച കാര്യങ്ങൾ കൃത്യമായി അവരെ ബോധ്യപ്പെടുത്തേണ്ടതാണ്.

2018-19 ലെ തസ്തിക നിർണയം സംബന്ധിച്ച സമയക്രമം താഴെപറയുന്നു.

| | |
|---|---|
| ജൂൺ 16 മുതൽ 19 വരെ | തസ്തികനിർണയത്തിനാവശ്യമായ രേഖകൾ പ്രഥമാധ്യാപകരിൽ നിന്നും ശേഖരിക്കുന്നു |
| ജൂൺ 18 മുതൽ 20 വരെ | ജില്ലാതല ഏകദിന പരിശീലനം |
| ജൂൺ 20 മുതൽ ജൂലൈ 3 വരെ | തസ്തികനിർണയം പൂർത്തിയാക്കുന്നു |
| ജൂലൈ 3 മുതൽ 10 വരെ | തസ്തികനിർണയ ഉത്തരവുകൾ ടൈപ്പ് ചെയ്ത് പ്രഥമാധ്യാപകർക്കും മാനേജർമാർക്കും എത്തിക്കുന്നു. ഡയറക്ടറേറ്റിലേക്ക് ഇ-മെയിൽ സന്ദേശം അയക്കുന്നു. |
| ജൂലൈ 4 മുതൽ 13 വരെ | അധ്യാപക ബാങ്ക് പുതുക്കൽ, സംരക്ഷിതാധ്യാപകരുടെ പുനർവിന്യാസം (ഇതിനുള്ള വിശദമായ അറിയിപ്പ് ജൂലൈ ആദ്യവാരം നൽകുന്നതാണ്.) |

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് കരുത്ത് പകരാനുതകുന്നതാണ് തസ്തികനിർണയം. അത് സമയബന്ധിതമായി പൂർത്തിയാക്കാൻ എല്ലാ ജീവനക്കാരുടെയും ആത്മാർത്ഥമായ പരിശ്രമം അത്യന്താപേക്ഷിതമാണെന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെയും മറ്റും അർത്ഥപൂർണമായ സാമൂഹിക ഇടപെടലുകളാണ് ഇന്ന് പൊതുവിദ്യാലയങ്ങളിൽ നടക്കുന്നത്. പൊതുവിദ്യാലയങ്ങളാകെ ഉണർന്നു കഴിഞ്ഞു. ഏകദേശം ഒന്നേമുക്കാൽ ലക്ഷം കുട്ടികളാണ് നമ്മുടെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഈ വർഷം പുതുതായി പ്രവേശനം നേടിയിരിക്കുന്നത്. പുതിയ വിദ്യാലയ വർഷാരംഭത്തിൽ തന്നെ കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ള ഈ നവോന്മേഷം കൂടുതൽ പ്രഭയോടെ നിലനിർത്താൻ നമുക്കു കഴിയണം. സന്തോഷവും സംതൃപ്തിയും നിറഞ്ഞ ഒരു അക്കാദമിക വർഷം എല്ലാ ജീവനക്കാർക്കും ആശംസിക്കുന്നു.

**കെ.വി.മോഹൻകുമാർ.ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താക്കൾ :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3. എല്ലാ പ്രഥമാധ്യാപകർക്കും/സ്കൂൾ മാനേജർമാർക്കും (എ.ഇ.ഒ./ഡി.ഇ.ഒ. മുഖാന്തരം).

പകർപ്പ് :

1. പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടറുടെ സി.എ
2. എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ്, പൂജപ്പുര (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
3. സൂപ്പർചെക്ക് സെൽ ആഫീസർ, തിരുവനന്തപുരം/കോഴിക്കോട്
4. ഡയറക്ടറേറ്റിലെ ഇ.റ്റി, ഇ.എം, ഇ.സി, എഫ്, ജി, ആർ.എ, എസ്.സി സെക്ഷൻ സൂപ്രണ്ടുമാർക്കും യൂണിറ്റ് ഓഫീസർമാർക്കും